**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6364** | **20-03-2023 - ൽ മറുപടിയ്ക്ക്**

**കാറ്റാടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കാൻ പോകുന്ന KATADII (കാറ്റാടി) പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | **സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് വീൽചെയറുകൾ, ശ്രവണസഹായികൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് കാറ്റാടി (KATADI initiative - Kerala Accelerated Tribal Ability Development And Inclusion Initiatives). പ്രസ്തുത പദ്ധതി പട്ടികവർഗ വികസന വകുപ്പും, കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന Composite Regional Centre for Skill Development, Rehabilitation & Empowerment of Persons with Disabilities (CRC- Kozhikode) എന്ന സ്ഥാപനവും സംയോജിതമായാണ് നടപ്പിലാക്കുന്നത്. കാറ്റാടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ , മറ്റു വിശദാംശങ്ങൾ വ്യക്തമാക്കി കൊണ്ട് സ.ഉ (സാധാ ) നം. 242 / 2023 / പജപവവിവ , തീയതി 17.02.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .ആയതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ വകുപ്പിന് കീഴിലുള്ള പ്രൊജക്റ്റ് ഓഫീസ് / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ വഴി ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .** |
| (ബി) | പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്ക് നൽകാനുപയോഗിക്കുന്ന സഹായ ഉപകരണങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന വിധം അറിയിക്കാമോ; | (ബി) | **പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വകുപ്പ് തലത്തിൽ അടിയന്തര പ്രാധാന്യം നൽകി സ്വീകരിച്ചു വരുന്നുണ്ട്. ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ യഥാസമയം പ്രോജക്റ്റ് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകൾ, പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് , മറ്റ് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി അറിയിപ്പ് നൽകുന്നതുമാണ്.** |
| (സി) | ഉപകരണം വിതരണം ചെയ്യുന്നത് ജില്ലാ ഓഫീസ് | (സി) | **പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വകുപ്പ്** |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിലാണോ; അറിയിക്കാമോ? | | **തലത്തിൽ അടിയന്തര പ്രാധാന്യം നൽകി സ്വീകരിച്ചു വരുന്നുണ്ട്. ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ യഥാസമയം പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകൾ, പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് , മറ്റ് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി അറിയിപ്പ് നൽകുന്നതുമാണ്.** |

സെക്ഷൻ ഓഫീസർ